# കള്ളാർ ഗ്രാമപഞ്ചായത്ത്

സമഗ്ര വികസനം • സുസ്ഥിര ഭാവി

Ksmart

# 2026-27
# ബഡ്ജറ്റ്

ജനങ്ങളുമായി ചേർന്ന്...
പുരോഗതിയുടെ പഥയിൽ...





സുസ്ഥിരം ഭാവിക്കായി | ഡിജിറ്റൽ ഭരണകൂടം | ഹരിതം സമൃദ്ധി | ജനസഹഭാഗിതം പുരോഗതി

**നമ്മുടെ ഗ്രാമം നല്ല നാളെയ്ക്ക്**

# ആമുഖം

ബഹുമാന്യരെ ,

ജനകീയ ആസൂത്രണപദ്ധതികൾ പ്രവർത്തികമാക്കിയതിലൂടെ നാടിന്റെ സമഗ്രമായ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ജനാധിപത്യ പ്രാദേശിക സർക്കാരുകൾ എന്നും മുൻപന്തിയിൽ തന്നെയാണ് നിലകൊള്ളുന്നത്. ഈ ഭരണസമിതിയുടെ കന്നി ബജറ്റാണിത്. കഴിഞ്ഞ കാലങ്ങളിലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളും പ്രവത്തനങ്ങളും ഏറെക്കുറെ നടപ്പിലാക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. കേന്ദ്രസംസ്ഥാന ഫണ്ടുകൾ, മറ്റ് പ്രാദേശിക സർക്കാർ ഫണ്ടുകൾ,പഞ്ചായത്തിന്റെ തനതു ഫണ്ട് എന്നിവ ഉൾപ്പെടുത്തി വിപുലമായ ബജറ്റ് ആണ് തയാറാക്കിയിട്ടുള്ളത്. നമുക്ക് ലഭ്യമായിട്ടുള്ള കേന്ദ്രസംസ്ഥാന ഫണ്ടുകൾ, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ, പഞ്ചായത്തിന്റെ തനതുവരുമാനം എന്നിവ ഉൾപ്പെടുത്തിയും ഫലപ്രദമായ രീതിയിൽ ലഭ്യമായ വിഭവ സ്രോതസുകൾ ഉപയോഗിച്ച് വളരെയേറെ പദ്ധതികൾ നമ്മൾ മുൻ വർഷങ്ങളിൽ ആവിഷ്കരിച്ചിട്ടുണ്ട് . കാർഷിക മേഖലയ്ക്കും, ദാരിദ്ര്യ ലഘൂകരണത്തിനും, തൊഴിൽ നൈപുണ്യ വികസനത്തിനും, ഈ ബജറ്റ് ഊന്നൽ നൽകുന്നു. സമ്പൂർണ പാർപ്പിട പദ്ധതി എന്ന ലക്ഷ്യം കൈവരിക്കുന്നതിന് നമ്മൾ എന്നും പ്രതിജ്ഞാബദ്ധമാണ്.

പശ്ചാത്തലമേഖല, സാമൂഹ്യ സുരക്ഷാമേഖല, ഉല്പാദനമേഖല എന്നിവയ്ക്ക് തുല്യ പ്രാധാന്യം ഈ ബജറ്റിൽ നൽകിയിട്ടുണ്ട്. വയോജനങ്ങൾ, സ്ത്രീകൾ, കുട്ടികൾ, ഭിന്നശേഷിക്കാർ എന്നിവരുടെ ഉന്നമനത്തിനും ആവശ്യമായ വകയിരുത്തലുകൾ ബജറ്റിൽ നടത്തിയിട്ടുണ്ട് . ഗ്രാമീണമേഖലയിൽ തൊഴിലുറപ്പ് പദ്ധതിയുടെ അനന്തമായ സാധ്യതകളെ പ്രയോജനപ്പെടുത്തി പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കുന്നതിന് ബജറ്റിൽ ആവശ്യമായ വകയിരുത്തലുകൾ നടത്തിയിട്ടുണ്ട് .ശുചിത്വ ഗ്രാമ സാക്ഷാത്കാരത്തിന് കൃത്യമായ കർമ്മ പദ്ധതികൾ ആവിഷ്കരിക്കുകയും ബജറ്റിൽ വിഭാവനം ചെയുകയും ചെയുന്നു. സ്കൂളുകൾക്ക് ഹൈടെക് പാർക്കുകൾ, ആരോഗ്യ മേഖലയിൽ പദ്ധതികൾ ഈ ബജറ്റിന്റെ പ്രത്യേകതയാണ്.

പഞ്ചായത്തിലെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ സാധ്യമാകുന്ന ബജറ്റ് ആണ് ഇതെന്ന് അവകാശപ്പെടുന്നില്ല. എന്നിരുന്നാലും പഞ്ചായത്തിന്റെ വിഭവശേഷിക്ക് അനുസരിച്ച് ഗ്രാമസഭയിൽ നിന്നും വർക്കിംഗ് ഗ്രൂപ്പുകളിൽ നിന്നുമുള്ള ആവശ്യങ്ങളും നിർദേശങ്ങളും പരിഗണിച്ചു ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ഘട്ടം ഘട്ടമായി പരമാവധി ആവശ്യങ്ങൾ, വികസന പ്രവത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കാൻ പഞ്ചായത്തിന് സാധിക്കും. ദീർഘ വീക്ഷണത്തോടെ പ്രകൃതിവിഭവങ്ങൾ വിനിയോഗിക്കുകയും ഭാവി തലമുറയ്ക്ക് കൂടി ഉപയോഗ യോഗ്യമാകുന്ന വിധത്തിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിന് കരുതലോടെ നമ്മൾ ഓരോരുത്തരും പ്രവർത്തിക്കേണ്ടതാണ്.

ജനങ്ങളുടെ ക്ഷേമത്തിനും അതിജീവനത്തിനും സന്തോഷകരമായ ജീവിത സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ജനാധിപത്യ പ്രാദേശിക സർക്കാരുകൾ എന്നും മുൻനിരയിൽ തന്നെ ഉണ്ടാകും. ഇനി ഭാവിയിലേക്കുള്ള പദ്ധതി നിർവഹണത്തിലും പ്രവർത്തനങ്ങളിലും എല്ലാവരുടെയും പിന്തുണ പ്രതീക്ഷിച്ചുകൊള്ളുന്നു. വികസന പ്രഖ്യാപനങ്ങളും നിർദേശങ്ങളും സുതാര്യതയോടെ, കാര്യക്ഷമതയോടെ നടപ്പിലാക്കാൻ ഈ ബജറ്റ് മാർഗ ദർശിയാകും എന്ന് കരുതുന്നു. കാലോചിതവും ദീർഘ വീക്ഷണത്തോടെയുള്ള പദ്ധതികൾക്കും ആശയങ്ങൾക്കും പ്രാമുഖ്യം നല്കുന്നതിനായി 2026-27 വർഷത്തെ ബജറ്റ് പര്യാപ്തമാകുമെന്ന പ്രതീക്ഷിക്കുന്നു

കള്ളാർ
27/02/2026

രജിത കെ
പ്രസിഡണ്ട്

# ബജറ്റ് പ്രസംഗം

ഒരു വിജ്ഞാന സമൂഹത്തിന്റെ വിശാലമായ ഭൂമികയിലേക്കുള്ള അതിവേഗ യാത്രയിലാണ് നമ്മൾ. വികസന പ്രക്രിയയിലേക്ക് നമ്മുടെ നാടിനെ കൈ പിടിച്ചയർത്തുകയും ചെയ്തുകൊണ്ട് നാം മുന്നേറുകയാണ്. കക്ഷി രാഷ്ട്രീയത്തിനതീതമായി ആർക്കും അവഗണിക്കാനാകാത്ത നിലയിലേക്ക് ആധുനിക ലോക വിജ്ഞാനത്തെ കൂട്ടുപിടിച്ച് കൊണ്ടും പുതിയ സാമ്പത്തിക സമാഹാരണം വഴിയും നാം പുതിയ കുതിപ്പിലേക്ക് നീങ്ങുകയാണ്.

ഈ കുതിപ്പുകൾ പശ്ചാത്തല സൗകര്യങ്ങളുടെ അസൂയാവഹമായ പുത്തൻ അധ്യായങ്ങളുടെ വഴിത്തിരിവിലേക്ക് നീങ്ങുമ്പോഴും വൈജ്ഞാനിക സമ്പത്ത് വ്യവസ്ഥയുടെ പുത്തൻ വികസന ലോകത്തേക്ക് എല്ലാ വിഭാഗം ജനങ്ങളെയും ചേർത്ത് പിടിച്ച് കൊണ്ട് മുന്നേറാനുള്ള ശ്രമത്തിലാണ് നാം. ലഭ്യമായ എല്ലാ സാമ്പത്തിക സ്രോതസുകളും ഉപയോഗപ്പെടുത്തി മാതൃകാപരമായ, ജനോപകാര പ്രദമായ ഒട്ടേറെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി കൊണ്ട് മന്നേറുകയാണ് നമ്മുടെ പഞ്ചായത്ത്. വിദ്യാഭ്യാസ, വ്യാവസായിക, സാംസ്കാരിക കായിക മേഖലകളിലും ആരോഗ്യ മേഖലകളിലും ഉൾപ്പെടെ സർവതോന്മുഖമായ പ്രവർത്തനങ്ങളിലൂടെ ഒരു പുതിയ പ്രഭാതത്തെ വരവേൽക്കാനുള്ള യജ്ഞത്തിൽ എല്ലാവരും ഞങ്ങളോടൊപ്പം നിൽക്കുന്നുണ്ട് എന്നുള്ളതിൽ ഏറെ അഭിമാനവും സന്തോഷവും ഉണ്ട്.

2026-27 വർഷത്തെ ബജറ്റില് സംസ്ഥാന കേന്ദ്ര പദ്ധതി വിഹിതവും, ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതവും,ജില്ലാ ,ബ്ലോക്ക് പഞ്ചായത്ത് വിഹിതവും പഞ്ചായത്ത് തനതു ഫണ്ടും ഉൾപ്പെടെ 38,34,23,035/- ( മുപ്പത്തി എട്ട് കോടി മുപ്പത്തി നാല് ലക്ഷത്തി ഇരുപത്തി മൂവായിരത്തി മുപ്പത്തിയഞ്ച്) രൂപ വരവും 37,70,18,140/- (മുപ്പത്തി ഏഴ് കോടി എഴുപത് ലക്ഷത്തി പതിനെട്ടായിരത്തി ഒരുന്നൂറ്റി നാല്പത്) രൂപ ചെലവും 64,04,895/- (അറുപത്തി നാല് ലക്ഷത്തി നാലായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി അഞ്ച്) രൂപ മിച്ചവും പ്രതീക്ഷിക്കുന്നു. എല്ലാ മേഖലയ്ക്കും തുല്യ പ്രാധാന്യം നല്കി സന്തുലിത വികസന ലക്ഷ്യം ഫല പ്രാപ്തിയിൽ എത്തിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും തുക നീക്കി വയ്ക്കുകയും ചെയ്യുന്നു.

## കാർഷിക മേഖല

കാർഷിക മേഖലയ്ക്ക് പ്രാധാന്യം നൽകി മികച്ച പദ്ധതികൾ നടപ്പിലാക്കുന്നു. നൂതന കൃഷി രീതികൾ അവലംബിച്ച് മികച്ച കാർഷിക സമ്പ്രദായങ്ങളിലൂടെയും സാങ്കേതിക വിദ്യകൾ ഉപയോഗിച്ചും ഉത്പാദന വർധനവിനും, വിപണന നേട്ടം ഉണ്ടാക്കുന്നതിനും സഹായകമായ ഒട്ടേറെ പദ്ധതികൾ ഉൾപെടുത്തിയിട്ടുണ്ട് . തെങ്ങ് കൃഷി വികസനം, കമുക് കൃഷി വികസനം, നെൽ കൃഷി വികസനം, സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതികൾ, കുള്ളൻ തെങ്ങിൻ തൈ വിതരണം, മറ്റ് കാർഷിക അനുബന്ധ പ്രവൃത്തികൾ എന്നിവ നടപ്പിലാക്കുന്നു. ആയതിനായി 4642000/- (നാല്പത്തിയാറ് ലക്ഷത്തി നാല്പത്തി രണ്ടായിരം) രൂപ വകയിരുത്തിയിട്ടുണ്ട്.

## മൃഗ സംരക്ഷണ മേഖല

കുടുംബങ്ങളിൽ സ്ഥിര വരുമാനം ഉറപ്പ് വരുത്തുന്നതിനാവശ്യമായ രീതിയിലാണ് ഈ മേഖലയിലെ പദ്ധതികൾ നാം ആവിഷ്കരിച്ചിരിക്കുന്നത്. കാലിത്തീറ്റ വിതരണം, മുട്ടക്കോഴി വളർത്തൽ, ആട് വിതരണം, മൃഗസംരക്ഷണ മേഖലയിൽ ആവശ്യമായ മരുന്ന്, ഉപകരണങ്ങൾ വാങ്ങൽ എന്നീ പദ്ധതികൾക്കായി 3250000/- (മുപ്പത്തിരണ്ട് ലക്ഷത്തി അമ്പതിനായിരം) രൂപ വകയിരുത്തിയിട്ടുണ്ട്. കർഷകർക്ക് സഹായകരമായി സബ്സീഡി നിരക്കിൽ കന്നുകാലികൾക്ക് ഇൻഷുറൻസിനായി 200000/- (രണ്ട് ലക്ഷം) രൂപ വകയിരുത്തിയിട്ടുണ്ട്.

## പാർപ്പിട പദ്ധതികൾ

പഞ്ചായത്തിലെ ഭവന രഹിതരായിട്ടുള്ള കുടുംബങ്ങൾക്ക് പാർപ്പിടം നിർമ്മിച്ച് നല്കുന്നതിനും സമ്പൂർണ്ണ പാർപ്പിട യജ്ഞം നടപ്പിലാക്കുന്നതിനുമായി ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 10800000/- (ഒരു കോടി എട്ട് ലക്ഷം) രൂപയും ഭവനം വാസയോഗ്യമാക്കുന്നതിനായി 3250000/- (മുപ്പത്തി രണ്ട് ലക്ഷത്തി അമ്പതിനായിരം) രൂപയും വകയിരുത്തിയിട്ടുണ്ട്..

ആരോഗ്യ മേഖല

ആതുര സേവന രംഗത്ത് കാലകാലങ്ങളിൽ നടത്തിട്ടുള്ള ഇടപെടലുകൾ ഫലപ്രാപ്തിയിൽ എത്തി നിൽക്കുന്ന കാലഘട്ടമാണിത്. ആധുനിക ചികിത്സാ സാങ്കേതിക വിദ്യകൾ ഈ മേഖലയിൽ ഉപയോഗിക്കുവാൻ നമ്മുടെ നാടിനും കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി തന്നെ ഗ്രാമീണ മേഖലയിലെ ആരോഗ്യ കാര്യങ്ങളെ പരിപോഷിപിക്കുന്നത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും , കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും കാര്യമായ പങ്കു വഹിക്കുന്നതിനു പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് അനിവാര്യമാണ്. ആരോഗ്യ മേഖലയിൽ ജനകീയമായ ഒട്ടേറെ പദ്ധതികൾക്ക് തുക വകയിരുത്തുണ്ട്. ആരോഗ്യ മേഖലയുടെ വികസനത്തിനായി ബജറ്റിൽ 1950000/- (പത്തൊമ്പത് ലക്ഷത്തി അമ്പതിനായിരം) രൂപ വകയിരുത്തിയിട്ടുണ്ട്.

സ്ത്രീ സൗഹൃദ ഗ്രാമം

സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് ബജറ്റിൽ മുൻഗണന നൽകുന്നു. സ്ത്രീകളുടെ തൊഴിൽ മേഖലയുടെ വിപുലീകരണത്തിനും സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ വകയിരുത്തലുകൾ നടത്തിയിട്ടുണ്ട്. സ്ത്രീകൾക്ക് എതിരായ അതിക്രമം തടയുന്നതിന് ശക്തമായ ഇടപെടൽ നടത്തേണ്ടതുണ്ട്. അതിനായി ജാഗ്രതസമിതി വഴിയുള്ള പ്രവത്തനങ്ങൾ ശക്തിപെടുത്തും.. വനിതകൾക്കായുള്ള നൈപുണ്യ പരിശീലനം, സ്വയംതൊഴിൽ ധനസഹായ പദ്ധതികൾ എന്നിവ ഏറ്റെടുത്തു നടത്തുന്ന പദ്ധതികൾ ആണ്. വനിതാ വികസനത്തിനായി 2900000/- (ഇരുപത്തി ഒൻപത് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

വയോജനങ്ങൾ/കുട്ടികൾ/ഭിന്നശേഷിക്കാർ

വയോജന ക്ഷേമത്തിനായി, വിപുലമായ പദ്ധതികൾ നമ്മൾ കഴിഞ്ഞ കാലങ്ങളിൽ തന്നെ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുള്ളതാണ്. വയോജനങ്ങൾക്കായി പകൽ വീടുകൾ സജ്ജമാക്കിയിട്ടുണ്ട്. വയോജനങ്ങൾക്കായി അമൃതകിരണം പാലിയേറ്റിവ് പദ്ധതി, മറ്റു പാലിയേറ്റിവ് പ്രവത്തനങ്ങൾ, വയോജന സംഗമം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. അംഗനവാടി കുട്ടികൾക്കുള്ള പോഷകാഹാര പദ്ധതി, ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, നമ്മുടെ കുട്ടികളുടെ വിനോദത്തിനായി എല്ലാ സ്കൂളുകളിലും ചിൽഡ്രൻസ്പാർക്കുകൾ, കായിക വിനോദ ഉപകരണങ്ങൾ , കായിക പരിശീലനം നൽകൽ, തുടങ്ങിയ ഒട്ടേറെ പദ്ധതികൾ ഈ ബജറ്റിൽ വിഭാവനം ചെയ്യുന്നുണ്ട്. 5000000/- (അമ്പത് ലക്ഷം) രൂപ ഇതിനായി ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസ മേഖല

സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പദ്ധതിയിലൂടെ വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ വന്നിട്ടുണ്ട്. മികച്ച പ്രവർത്തനങ്ങളാണ് നാം നടത്തിയിട്ടുള്ളത്. വായനാശീലം വർദ്ധിപ്പിക്കുന്നതിനായി സ്കൂളുകൾക്കും, ക്ലബ്ബുകൾക്കും പത്രം വിതരണത്തിനും, എസ് എസ് കെ വിഹിതത്തിനും, തുടർ വിദ്യാഭ്യാസ സാക്ഷരതാ പ്രവർത്തനങ്ങൾക്കായും 2050000/- (ഇരുപത് ലക്ഷത്തി അമ്പതിനായിരം) രൂപ മാറ്റി വെക്കുന്നു.

പ്രകൃതി, ജലസംരക്ഷണം,കുടിവെള്ളം

ജൈവ വൈവിദ്യങ്ങളുടെ കലവറയാണ് നമ്മുടെ പഞ്ചായത്ത്. തോടുകളും പുഴകളും കാവുകളും. സംരക്ഷികേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. അതിനായി പഞ്ചായത്ത് തലത്തില് ജൈവ പരിപാലന സമിതി രൂപികരിച്ച് ജനകീയ പങ്കാളിത്തത്തോടെ ജൈവ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ട്.പ്രകൃതിയെ സംരക്ഷിക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. ജലാശങ്ങളെ മാലിന്യമുക്തമായി സംരക്ഷിക്കേണ്ടത് നമ്മുടെ ചുമതലയാണ്. മാറുന്ന കാലാവസ്ഥ വ്യതിയാനങ്ങൾ അതീജീവിക്കാന് പ്രകൃതി സംരക്ഷണം ഉറപ്പവരുത്തുന്നതിലൂടെ നമ്മുടെ ജല സമ്പത്ത് കിണറുകൾ നവീകരിക്കൽ എന്നിവ ഏറ്റെടുത്തു നടപ്പിലാക്കും. കുടിവെള്ള വിതരണം, പൊതു ഇടങ്ങളിൽ വാട്ടർ കിയോസ്ക് സ്ഥാപിക്കുന്നതിനും, വിവിധ കുടിവെള്ള പദ്ധതികൾ ആസൂത്രണം ചെയ്യും കുടിവെള്ള ക്ഷാമത്തെ നേരിടാൻ നമ്മള്ക്ക് കഴിയും. അതിനായി 2700000/- (ഇരുപത്തി ഏഴ് ലക്ഷം) രൂപ ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്.

സുസ്ഥിര ശുചിത്വ പദ്ധതി

സമ്പൂർണ്ണ ശുചിത്വ ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നുണ്ട്. അതിനു തുടർച്ചയെന്നോണം ഈ ബജറ്റിലും വളരെ പ്രാധാന്യത്തോടെ തന്നെ ശുചിത്വ മേഖലയിൽ ഫണ്ട് അനുവദിക്കുകയും നൂതന പദ്ധതികൾ ആവിഷ്കരിച്ച് ശുചിത്വ ഗ്രാമം സുന്ദരഗ്രാമം എന്ന ലക്ഷ്യത്തിലേക്കു എത്തിച്ചേരാൻ നമ്മുക്ക് സാധിക്കും.ഹരിത കർമസേനയുടെ പ്രവർത്തങ്ങള് കാര്യക്ഷമമാക്കുന്നതിന് ഈ ബജറ്റ് ഊന്നൽ നൽകുന്നു. ശുചിത്വ മേഖലയിൽ പദ്ധതികൾക്കായി 1800000/- (പതിനെട്ട് ലക്ഷം) രൂപ വകയിരുത്തിയിട്ടുണ്ട്.

പശ്ചാത്തല മേഖല

ഗ്രാമീണ മേഖലയിൽ വികസനത്തിന്റെ വിപ്ലവം തന്നെ ഈ നാലുവർഷക്കാലം നടപ്പിലാക്കിയിട്ടുണ്ട്. അതിന്റെ പിന്തുടർച്ച എന്നോണം ഈ വർഷവും ഗ്രമാതലങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി നൂതന പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കുന്നതാണ്. പശ്ചാത്തല മേഖലയ്ക്ക് അതീവ പ്രാധാന്യം നൽകി പദ്ധതികൾ ആവിഷ്കരിക്കുന്നു. ഗ്രാമീണ റോഡുകളുടെ വികസനം അതീവ പ്രാധാന്യം അർഹിക്കുന്നു . അതുപോലെ പൊതു കെട്ടിടങ്ങളുടെ നിർമ്മാണം, ശുചിത്വ മേഖലയിലെ കെട്ടിടങ്ങൾ, പാർക്കുകളുടെ നിർമ്മാണം എന്നിവ കൂടി ഉൾപ്പെടുത്തി വിപുലമായ പദ്ധതികൾ തന്നെ ആവിഷ്കരിക്കുന്നു. അതിനായി 34782000/- (മൂന്ന് കോടി നാല്പത്തി ഏഴ് ലക്ഷത്തി എൺപത്തി രണ്ടായിരം) രൂപ പശ്ചാത്തല സൌകര്യ വികസനത്തിന് ഈ ബജറ്റിൽ നീക്കി വച്ചിട്ടുണ്ട്. റോഡിതര ആസ്തികളുടെ പരിപാലനത്തിനായി 6426000/- (അറുപത്തി നാല് ലക്ഷത്തി ഇരുപത്തി ആറായിരം) രൂപ വകയിരുത്തിയിട്ടുണ്ട്. പൂടംകല്ല് മിനി സ്റ്റേഡിയം നിർമ്മാണത്തിനായി 800000/- രൂപ വകയിരുത്തിയിട്ടുണ്ട്. തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനായി 1350000/- രൂപ വകയിരുത്തിയിട്ടുണ്ട്.

ദേശിയ തൊഴിലുറപ്പ് പദ്ധതി.

മഹാത്മാഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതിയിലൂടെ 7.36 കോടി രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കുന്നതിന് ഈ ബജറ്റ് വിഭാവനം ചെയുന്നു.

ഉല്പാദനവും ഉല്പാദന ക്ഷമതയും വർധിപ്പിച്ച് ജല സുരക്ഷാ ഉറപ്പ് വരുത്തി തൊഴിൽ സാദ്ധ്യതകൾ പരമാവധി വർധിപ്പിച്ച് വികസനോന്മുഖവും ജനോപകാരപ്രദവുമായി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനും സമഗ്രമായ വികസന പ്രവർത്തങ്ങൾക്ക് പുതിയ മാനം നൽകുന്നതിനും എല്ലാ മേഖലകൾക്കും തുല്യ പ്രാധാന്യം നൽകി ആവശ്യമായ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി പ്രാവർത്തികമാക്കുന്നതിന് നമ്മൾ പ്രതിജ്ഞാബദ്ധമാണെന്നും എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ബഹുദൂരം നമ്മൾ മുന്നോട്ടു പോകും എന്ന പ്രത്യാശയോടെ 2026-27 വർഷത്തെ ജനകീയ ബജറ്റ് സമക്ഷം സമർപ്പിക്കുന്നു.

കള്ളാർ | എം എം സൈമൺ

27/02/2026 | വൈസ് പ്രസിഡന്റ്

.

# BUDGET 2026-2027

| Sl No | HEAD OF ACCOUNTS | | 2025-26 | 2026-27 |
|---|---|---|---|---|
| | Opening Balance | | 28129317 | 57119335 |
| | Revenue Receipt - 1 | | | |
| | Tax Revenues - 110 | | | |
| 1 | 1100107 Property Tax On Residential Buildings | | 3000000 | 3000000 |
| 2 | 1100108 Property Tax On Non-Residential Buildings | | 3000000 | 2500000 |
| 3 | 1101001 Profession Tax - Employees | | 1500000 | 1600000 |
| 4 | 1101002 Profession Tax - Traders/ Institutions | | 1000000 | 1000000 |
| | Total Tax Revenues | | 8500000 | 8100000 |
| | Fees and User Charges - 140 | | | |
| 5 | 1401099 Other Empanelment & Registration Charges | | 5000 | 0 |
| 6 | 1401101 License Fees for IFTEOS | | 300000 | 400000 |
| 7 | 1401105 License fee for Domestic Animals | | 1000 | 1000 |
| 8 | 1401106 License Fees for Domestic Dogs | | 2000 | 2000 |
| 9 | 1401201 Fees for Construction of Buildings | | 2000000 | 2000000 |
| 10 | 1401203 Permit Application fee | | 200000 | 250000 |

| | | | | |
|---|---|---|---|---|
| 11 | 1401301 Fees for Birth & Death Certificate | | 25000 | 25000 |
| 12 | 1401302 Fees for Delayed Registration - Birth & Death | | 0 | 10000 |
| 13 | 1401303 Fees for Marriage Certificate | | 0 | 5000 |
| 14 | 1401304 Fee for Marriage Registration | | 20000 | 20000 |
| 15 | 1401305 Fee for Non Availability Certificate | | 500 | 1000 |
| 16 | 1401306 Fee for Correction in Registration | | 1500 | 1500 |
| 17 | 1401399 Fees for Other Certificates or Extracts | | 20000 | 20000 |
| 18 | 1401401 Fees under RTI Act | | 0 | 5000 |
| 19 | 1401601 Development Charges | | 10000 | 0 |
| 20 | 1401701 Regularization Fees | | 1500000 | 1500000 |
| 21 | 1401801 Application Fee | | 0 | 2000 |
| 22 | 1402001 Penal Interest | | 200000 | 200000 |
| 23 | 1402003 Other Penalities and Fines | | 0 | 5000 |
| 24 | 1402004 Compounding Fee | | 1000 | 1000 |
| 25 | 1402005 Fine for Dumping Waste | | 0 | 50000 |
| 26 | 1402006 Fine imposed by Health Authorities | | 100000 | 0 |
| 27 | 1404002 Notice Fees | | 30000 | 30000 |

| | | | | |
|---|---|---|---|---|
| 28 | 1404004 Ownership Change Fees - Fine | | 25000 | 25000 |
| 29 | 1404005 License Change Fees | | 0 | 10000 |
| 30 | 1404008 Delayed Registration Fees | | 10000 | 10000 |
| 31 | 1404009 Search Fees | | 5000 | 5000 |
| 32 | 1404011 Late Fee | | 40000 | 0 |
| 33 | 1404099 Other Fees | | 150000 | 150000 |
| 34 | 1407001 Road Cutting Charges | | 100000 | 100000 |
| 35 | 1408001 Other Charges | | 0 | 5000 |
| | Total Fees and User Charges | | 4746000 | 4833500 |
| | Sale and Hire Charges - 150 | | | |
| 36 | 1501099 Receipts from Sale of Other Products | | 0 | 25000 |
| 37 | 1501101 Receipts from Sale of Forms | | 350000 | 200000 |
| 38 | 1501102 Receipts from Sale of Tender Forms | | 0 | 100000 |
| 39 | 1501202 Receipts from Sale of Scrap | | 15000 | 20000 |
| | Total Sale and Hire Charges | | 365000 | 345000 |
| | Revenue Grants, Contributions and Subsidies - 160 | | | |
| 40 | 1601010 Fund for Transferred Functions/ Schemes - Pension for Agricultural Workers/ Labourers | | 707200 | 707200 |

| | | | | |
|---|---|---|---|---|
| 41 | 1601012 Fund for Transferred Functions/ Schemes - Widow Pension | | 12483500 | 12483500 |
| 42 | 1601013 Fund for Transferred Functions/ Schemes - Pension for Unmarried women aged above 50 | | 551400 | 551400 |
| 43 | 1601014 Fund for Transferred Functions/ Schemes - Pension for Differentially Abled | | 4149600 | 4149600 |
| 44 | 1601016 Fund for Transferred Functions/ Schemes - Financial Help for Widow's Daughters Marriage | | 0 | 210000 |
| 45 | 1601018 Fund for Transferred Functions/ Schemes - Old Age Pension | | 23724200 | 23724200 |
| 46 | 1601023 General Purpose Fund | | 13563600 | 16330000 |
| 47 | 1601080 Fund for Transferred Functions/ Schemes - Sthree Suraksha Scheme | | 0 | 18000000 |
| | Total Revenue Grants, Contributions and Subsidies | | 55179500 | 76155900 |
| | Interest Earned - 171 | | | |
| 48 | 1711001 Interest from Bank Accounts | | 900000 | 600000 |
| | Total Interest Earned | | 900000 | 600000 |
| | Rental Income - LB Properties - 130 | | | |

| | | | | |
|---|---|---|---|---|
| 49 | 1301002 Rent from Stadium | | 50000 | 50000 |
| 50 | 1301003 Rent from Shopping Complex | | 0 | 400000 |
| 51 | 1302003 Rent from Buildings | | 315000 | 0 |
| 52 | 1308099 Other Rents | | 7000 | 0 |
| | Total Rental Income | | 372000 | 450000 |
| | Total Revenue Receipt | | 70062500 | 90484400 |
| | Capital Receipt - 2 | | | |
| | Grants, Contribution for Specific Purposes - 320 | | | |
| 53 | 3201004 Central Finance Commission Grant - Tied | | 4086000 | 3793000 |
| 54 | 3201005 Central Finance Commission Grant - Untied | | 2723000 | 5246000 |
| 55 | 3201020 Intergrated Child Development Service | | 2148700 | 1798700 |
| 56 | 3201024 National Health Mission | | 1400000 | 1400000 |
| 57 | 3201027 Swaccha Bharat Mission - Grameen | | 11485240 | 11485240 |
| 58 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | | 40700000 | 59003200 |
| 59 | 3202001 Development Fund - General | | 19097100 | 26930000 |
| 60 | 3202002 Development Fund - Special Component Plan | | 482900 | 409000 |

| | | | | |
|---|---|---|---|---|
| 61 | 3202003 Development Fund - Tribal Sub-Plan | | 9464000 | 9859000 |
| 62 | 3202009 Maintenance Fund - Road Assets | | 36009950 | 34782000 |
| 63 | 3202010 Maintenance Fund - Non-Road Assets | | 5957560 | 6426000 |
| 64 | 3202021 Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Life Mission | | 0 | 39297960 |
| 65 | 3202037 Other Revenue Grants | | 39297960 | 0 |
| 66 | 3207002 Contribution - other Funds | | 10384000 | 10384000 |
| 67 | 3208010 Beneficiary Contribution | | 1168274 | 400000 |
| 68 | 3209001 Contribution to Joint Venture Projects from District Panchayat | | 10809900 | 1000000 |
| 69 | 3209002 Contribution to Joint Venture Projects from Block Panchayat | | 9794720 | 500000 |
| | Total Grants, Contribution for Specific Purposes | | 205009304 | 212714100 |
| | Secured Loans - 330 | | | |
| 70 | 3305003 Loan from K.U.R.D.F.C | | 48325000 | 20700000 |
| | Total Secured Loans | | 48325000 | 20700000 |
| | Redemption - 431 | | | |

| | | | | |
|---|---|---|---|---|
| 71 | 4315002 Receivables from Government (redemption amount) | | 5270769 | 0 |
| | Total Redemption | | 5270769 | 0 |
| | Loans, Advances and Deposits - 460 | | | |
| 72 | 4601001 Festival Advance to Employees | | 105000 | 150000 |
| 73 | 4605003 Advance to Implementing Officers | | 50000 | 300000 |
| 74 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 2900000 | 1855200 |
| 75 | 4605099 Advance to Others | | 0 | 100000 |
| | Total Loans, Advances and Deposits | | 3055000 | 2405200 |
| | Total Capital Receipt | | 261660073 | 235819300 |
| | Revenue Expenditure - 3 | | | |
| | Establishment Expenses - 210 | | | |
| 76 | 2101001 Salaries -Secretary | | 1200000 | 1300000 |
| 77 | 2101003 Salaries - Permanent Staff | | 7280000 | 8500000 |
| 78 | 2101004 Salaries - Contract Staff | | 1880000 | 1000000 |
| 79 | 2101007 Salaries - Part time Contingent Staff | | 0 | 300000 |
| 80 | 2101101 Wages | | 750000 | 800000 |

| | | | | |
|---|---|---|---|---|
| 81 | 2101201 Bonus | | 113250 | 0 |
| 82 | 2101401 Honourarium | | 310000 | 0 |
| 83 | 2102001 Travelling Allowances - Secretary | | 20000 | 40000 |
| 84 | 2102003 Travelling Allowances - Permanent Staff | | 0 | 200000 |
| 85 | 2102014 Monthly Honorarium and Sitting Allowance - Councillors/ Members | | 1600000 | 2000000 |
| 86 | 2102017 Festival Allowance | | 0 | 100000 |
| 87 | 2102018 Spectacle Allowance | | 0 | 10000 |
| 88 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | | 40000 | 200000 |
| 89 | 2102021 Telephone Allowance - Mayor/ Chairperson/ President | | 0 | 5000 |
| 90 | 2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President | | 0 | 5000 |
| 91 | 2103006 Employer's Contribution to NPS - Regular Employees | | 0 | 300000 |
| 92 | 2103007 Pension Contribution | | 10332 | 650000 |

| | | | | |
|---|---|---|---|---|
| 93 | 2104001 Terminal Leave Surrender | | 882829 | 0 |
| | Total Establishment Expenses | | 14086411 | 15410000 |
| | Administrative Expenses - 220 | | | |
| 94 | 2201001 Rent of Buildings | | 3000 | 0 |
| 95 | 2201002 Land Tax/ Basic Tax | | 0 | 5000 |
| 96 | 2201003 Other Taxes/ Duties | | 15000 | 0 |
| 97 | 2201101 Office Electricity Expenses | | 75000 | 75000 |
| 98 | 2201199 Other Office Maintenance Expenses | | 150000 | 150000 |
| 99 | 2201201 Telephone Expenses/ Internet Charges | | 75000 | 75000 |
| 100 | 2201202 Postage Expenses | | 0 | 6000 |
| 101 | 2202001 Books & Periodicals | | 35000 | 35000 |
| 102 | 2202101 Printing & Stationery | | 150000 | 150000 |
| 103 | 2204001 Insurance | | 80000 | 0 |
| 104 | 2204002 Insurance - Vehicles | | 0 | 80000 |
| 105 | 2205101 Miscellaneous Legal Expenses | | 75000 | 150000 |
| 106 | 2205201 Professional & Other Fees | | 40000 | 40000 |
| 107 | 2206001 Newspaper Advertisement Charges | | 175000 | 175000 |
| 108 | 2206101 Membership & Subscriptions | | 30000 | 0 |

| | | | | |
|---|---|---|---|---|
| 109 | 2208099 Miscellaneous Administration Expenses | | 600000 | 600000 |
| 110 | 2302001 Water Charges – Street Tap | | 150000 | 150000 |
| | Total Administrative Expenses | | 1653000 | 1691000 |
| | Operation and Maintenance – 230 | | | |
| 111 | 2301001 Electricity Charges for Street Lights | | 0 | 350000 |
| 112 | 2301002 Fuel Charges | | 350000 | 400000 |
| 113 | 2304001 Vehicle Hire Charges | | 0 | 50000 |
| 114 | 2305301 Repairs & Maintenance – Vehicles | | 0 | 150000 |
| 115 | 2305902 Repairs & Maintenance – Office Equipments | | 0 | 100000 |
| 116 | 2305909 Other Repairs & Maintenance | | 125000 | 100000 |
| 117 | 2308005 Expenses relating to collection of Taxes | | 0 | 175000 |
| 118 | 2308013 Sanitation Expenses | | 0 | 250000 |
| 119 | 2308201 Refreshment Charges | | 0 | 100000 |
| | Total Operation and Maintenance | | 475000 | 1675000 |
| | Programe Expenses – 250 | | | |
| 120 | 2501001 Election Expenses | | 0 | 50000 |

| | | | | |
|---|---|---|---|---|
| 121 | 2502001 Expenditure on Poverty Eradication Program | | 40700000 | 59003200 |
| | Total Programe Expenses | | 40700000 | 59053200 |
| | Expenses Related to Productive Sector - 251 | | | |
| 122 | 2510101 Agriculture - Paddy | | 265100 | 0 |
| 123 | 2510102 Agriculture - Coconut | | 1396996 | 0 |
| 124 | 2510103 Agriculture - Aracnut | | 1175926 | 0 |
| 125 | 2510104 Agriculture - Vegetables | | 300000 | 0 |
| 126 | 2510105 Agriculture - Plaintane | | 292400 | 0 |
| 127 | 2510107 Agriculture - Fruits and Fruit Trees | | 400000 | 0 |
| 128 | 2510110 Agriculture - Floriculture | | 198000 | 0 |
| 129 | 2510112 Agriculture - Pepper | | 394640 | 0 |
| 130 | 2510136 Agrarian Disease | | 234580 | 0 |
| 131 | 2510201 Animal Husbandry - Cow | | 1197520 | 0 |
| 132 | 2510205 Animal Husbandry - Poultry | | 229450 | 0 |
| 133 | 2510209 Animal Husbandry - Infrastructure | | 552295 | 0 |
| 134 | 2510210 Animal Husbandry - Disease Control | | 74000 | 0 |
| 135 | 2510305 Dairy Development - Milk Incentives | | 667760 | 0 |

| | | | | |
|---|---|---|---|---|
| 136 | 2510613 Service Enterprises | | 900000 | 0 |
| 137 | 2510804 Environment Conservation | | 50000 | 0 |
| | Total Expenses Related to Productive Sector | | 8328667 | 0 |
| | Expenses Related to Service Sector - 252 | | | |
| 138 | 2520107 Education-Related Activities | | 905800 | 0 |
| 139 | 2520111 Contribution towards SSA | | 300000 | 0 |
| 140 | 2520201 Continuing Education | | 20000 | 0 |
| 141 | 2520503 Arts,Culture,Sports and Youth Welfare-Promotion | | 441191 | 0 |
| 142 | 2520602 Health related Programs | | 1238498 | 0 |
| 143 | 2520618 Medical Institution - Allopathy | | 3333367 | 0 |
| 144 | 2520619 Medical Institution - Ayurvedic | | 600000 | 0 |
| 145 | 2520620 Medical Institution - Homoeo | | 600000 | 0 |
| 146 | 2520702 Drinking Water - Public | | 275000 | 0 |
| 147 | 2520801 Housing & House Electrification - Individual | | 116253300 | 0 |
| 148 | 2520901 Special Child Welfare Program | | 3590110 | 0 |
| 149 | 2520902 Child Welfare Program | | 25000 | 0 |
| 150 | 2520903 Women Welfare | | 275000 | 0 |

| | | | | |
|---|---|---|---|---|
| 151 | 2520904 Welfare of the Aged | | 914000 | 0 |
| 152 | 2520906 Welfare Programs for Physically/ Mentally Challenged | | 2617359 | 0 |
| 153 | 2520908 Social Security Programme | | 75000 | 0 |
| 154 | 2521001 Anganwadi Nutrition | | 1858809 | 0 |
| 155 | 2521101 Anganwadi Infrastructure | | 692894 | 0 |
| 156 | 2521203 Vocational Capacity Building - Related Activities | | 49400 | 0 |
| 157 | 2521601 Local Government Service Delivery Improvement | | 350000 | 0 |
| 158 | 2521602 Payments to IKM | | 150000 | 0 |
| 159 | 2521701 Allied Institution Service Delivery Improvement | | 550000 | 0 |
| 160 | 2521906 Toilet (Public/Community Level) | | 150000 | 0 |
| 161 | 2522001 Plan Formulation, Implementation and Monitoring | | 200000 | 0 |
| 162 | 2522201 Disaster Management - Related Services | | 100000 | 0 |

| | | | | |
|---|---|---|---|---|
| 163 | 2522305 Solid Waste Management – Collection and Transportation | | 359756 | 0 |
| 164 | 2522309 Solid Waste Management – Related Activities | | 1149960 | 0 |
| 165 | 2522310 Solid Waste Management – Disposal | | 200000 | 0 |
| 166 | 2522314 Solid Waste Management – Processing Individual | | 542630 | 0 |
| | Total Expenses Related to Service Sector | | 137817074 | 0 |
| | Expenses Related to Infrastructure Sector – 253 | | | |
| 167 | 2530201 Roads | | 716000 | 0 |
| 168 | 2530302 Public Buildings – Other Buildings | | 1445680 | 0 |
| 169 | 2530502 Hiring of vehicles for office purposes | | 470505 | 0 |
| | Total Expenses Related to Infrastructure Sector | | 2632185 | 0 |
| | Expenses related to State Sponsored Schemes – 254 | | | |
| 170 | 2540111 Programmes/ Expenditures of Transferred Functions/ Schemes – Pension for Agricultural Workers/ Labour | | 707200 | 707200 |

| | | | | |
|---|---|---|---|---|
| 171 | 2540113 Programmes/ Expenditures of Transferred Functions/ Schemes – Widow Pension | | 12483500 | 12483500 |
| 172 | 2540114 Programmes/ Expenditures of Transferred Functions/ Schemes – Pension for Unmarried women aged above 50 | | 551400 | 551400 |
| 173 | 2540115 Programmes/ Expenditures of Transferred Functions/ Schemes – Pension for Differentially Abled | | 4149600 | 4149600 |
| 174 | 2540117 Programmes/ Expenditures of Transferred Functions/ Schemes – Financial Help for Widow's Daughters Marriage | | 0 | 210000 |
| 175 | 2540118 Programmes/ Expenditures of Transferred Functions/ Schemes – Old Age Pension | | 23724200 | 23724200 |
| 176 | 2540138 Programmes/ Expenditures of Transferred Functions/ Schemes – Sthree Suraksha Scheme | | 0 | 18000000 |
| | Total Expenses related to State Sponsored Schemes | | 41615900 | 59825900 |
| | Prior Period Items – 280 | | | |

| | | | | |
|---|---|---|---|---|
| 177 | 2808001 Prior Period Expenses | | 100000 | 0 |
| | Total Prior Period Items | | 100000 | 0 |
| | Total Revenue Expenditure | | 247408237 | 137655100 |
| | Capital Expenditure - 4 | | | |
| | Payment of Recoveries - 350 | | | |
| 178 | 3501102 Net Salary Payable | | 389860 | 0 |
| 179 | 3501116 Pension Contribution Payable | | 48915 | 0 |
| 180 | 3501301 Employers Liabilities - Pension Contribution (NPS) | | 14515 | 0 |
| 181 | 3502001 Recoveries Payable - General Provident Fund | | 15000 | 0 |
| 182 | 3502002 Recoveries Payable - Kerala Panchayat Employees Provident Fund | | 70290 | 0 |
| 183 | 3502006 Recoveries Payable - Insurance Premium | | 11404 | 0 |
| 184 | 3502012 Recoveries Payable - State Life Insurance | | 9550 | 0 |
| 185 | 3502014 Recoveries Payable - Group Insurance | | 8000 | 0 |
| 186 | 3502020 Recoveries Payable - Employee Share NPS | | 14515 | 0 |

| | | | | |
|---|---|---|---|---|
| 187 | 3502022 Recoveries Payable –Medisep –Regular | | 5000 | 0 |
| 188 | 3502025 Recoveries Payable – Income Tax Deducted at Source | | 7651 | 0 |
| 189 | 3502026 Recoveries Payable – Kerala Construction Workers Welfare Fund | | 7651 | 0 |
| 190 | 3502030 Recoveries Payable – House Building Advance | | 7075 | 0 |
| 191 | 3503005 Government and Other Dues Payable-TDS – CGST | | 12010 | 0 |
| 192 | 3503006 Government and Other Dues Payable-TDS – SGST | | 12010 | 0 |
| 193 | 3503008 Government and Other Dues Payable – CGST | | 2883 | 0 |
| 194 | 3503009 Government and Other Dues Payable – SGST | | 2883 | 0 |
| 195 | 3504010 Refund Payable – Other Fees | | 9096 | 0 |
| | Total Payment of Recoveries | | 648308 | 0 |
| | Fixed Assets – 410 | | | |

| | | | | |
|---|---|---|---|---|
| 196 | 4101008 Public well | | 551468 | 0 |
| 197 | 4102002 Administrative Buildings | | 600000 | 0 |
| 198 | 4102008 School Buildings | | 300000 | 0 |
| 199 | 4102011 Public Comfort Stations | | 650000 | 0 |
| 200 | 4102016 Other Buildings | | 1931366 | 0 |
| 201 | 4103001 Concrete Roads | | 817189 | 0 |
| 202 | 4103002 Black Topped Roads | | 30740346 | 0 |
| 203 | 4103012 Side Walls | | 375950 | 0 |
| 204 | 4103099 Other Constructions | | 593750 | 0 |
| 205 | 4104001 Plant & Machinery | | 12693270 | 0 |
| 206 | 4106001 Office & Other Equipments | | 105000 | 0 |
| 207 | 4106002 Computers, Printers & Peripherals | | 472000 | 0 |
| 208 | 4107001 Furniture, Fixtures, Fittings & Electrical Appliances | | 418204 | 0 |
| 209 | 4108001 Other Fixed Assets | | 607467 | 0 |
| | Total Fixed Assets | | 50856010 | 0 |
| | Loans, Advances and Deposits - 460 | | | |
| 210 | 4601001 Festival Advance to Employees | | 105000 | 150000 |

| | | | | |
|---|---|---|---|---|
| 211 | 4605003 Advance to Implementing Officers | | 50000 | 300000 |
| 212 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 1000000 | 1855200 |
| 213 | 4605099 Advance to Others | | 0 | 100000 |
| | Total Loans, Advances and Deposits | | 1155000 | 2405200 |
| | Total Capital Expenditure | | 52659318 | 2405200 |
| | Total Expenditure | | 300067555 | 140060300 |
| | Total Receipts | | 331722573 | 326303700 |
| | Balance ( as per K Smart) | | 59784335 | 243362735 |
| | 2025-26 റിവിഷൻ പദ്ധതി ചെലവും 2026-27 പദ്ധതി ചെലവും | | | 236957840 |
| | **നീക്കിയിരിപ്പ്** | | | **64,04,895** |

| ABSTRACT | | | | |
|---|---|---|---|---|
| Sl No | HEAD OF ACCOUNTS | | 2025-26 | 2026-27 |
| | Opening Balance | പ്രാരംഭ ബാക്കി 2026-27 | | 57119335 |
| | **Revenue Receipt - 1** | | | |
| 1 | Tax Revenues - 110 | നികുതി വരുമാനം | | 8100000 |
| 2 | Fees and User Charges - 140 | ഫീസും ഉപയോക്തൃ നിരക്കുകളും | | 4833500 |
| 3 | Sale and Hire Charges - 150 | വിൽപ്പന, വാടക നിരക്കുകൾ | | 345000 |
| 4 | General Purpose Fund | ജനറൽ പർപ്പസ് ഫണ്ട് | | 16330000 |
| 5 | Revenue Grants, Contributions and Subsidies - 160 (Pension) | റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ - (പെൻഷൻ) | | 59825900 |
| 6 | Interest Earned - 171 | പലിശ വരവ് | | 600000 |

| | | | | |
|---|---|---|---|---|
| 7 | Rental Income – LB Properties – 130 | വാടക വരുമാനം | | 450000 |
| | Total Revenue Receipt | | | 90484400 |
| | **Capital Receipt – 2** | | | |
| 8 | MGNREGS Income | MGNREGS വരവ് | | 59003200 |
| 9 | Grants, Contribution for Specific Purposes – 320 ( Plan Receipt) | ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ (Plan Fund) | | 153710900 |
| 10 | Secured Loans – 330 | സുരക്ഷിത വായ്പകൾ | | 20700000 |
| 11 | Loans, Advances and Deposits – 460 | വായ്പകൾ, അഡ്വാൻസുകൾ, നിക്ഷേപങ്ങൾ – | | 2405200 |
| | Total Capital Receipt | | | 235819300 |
| | **Revenue Expenditure – 3** | | | |
| 12 | Establishment Expenses – 210 | എസ്റ്റാബ്ലിഷ്മെന്റ് ചെലവ് | | 15410000 |
| 13 | Administrative Expenses – 220 | ഭരണപരമായ ചെലവുകൾ | | 1691000 |

| | | | | |
|---|---|---|---|---|
| 14 | Operation and Maintenance – 230 | പ്രവർത്തനവും പരിപാലനവും | | 1675000 |
| 15 | Election Expences | തിരഞ്ഞെടുപ്പ് ചെലവുകൾ | | 50000 |
| 16 | Programe Expenses – 250 (MGNREGS) | പ്രോഗ്രാം ചെലവുകൾ – (MGNREGS) | | 59003200 |
| 17 | Project Expences (own fund 60,00,000) | പദ്ധതി ചെലവുകൾ (Own fund 60,00,000) | | 180410900 |
| 20 | Expenses related to State Sponsored Schemes – 254 | സംസ്ഥാന സ്പോൺസേഡ് പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ | | 59825900 |
| | Total Revenue Expenditure | | | 318066000 |
| | Capital Expenditure – 4 | | | |
| 21 | Loans, Advances and Deposits – 460 | വായ്പകൾ, അഡ്വാൻസുകൾ, നിക്ഷേപങ്ങൾ | | 2405200 |
| | Total Capital Expenditure | | | 2405200 |

| | | | | |
|---|---|---|---|---|
| | 2025-26 Rivision Project not in Ksmart Budget Outflow | 2025-26 റിവിഷൻ പദ്ധതി ചെലവ് K smart ൽ ഉൾപെടാത്തത് | | 56546940 |
| | Total Receipts including OB | ആകെ വരവ് | | 383423035 |
| | Total Expenditure (include Project Expences) | ആകെ ചെലവ് | | 377018140 |
| | Balance | ബാലൻസ് | | 6404895 |